**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഉടമസ്ഥതയിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇവയുടെ അന്താരാഷ്ട്ര നിലവാരത്തിൽ ഉള്ള റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയായ OKIHL ആരംഭിച്ചത്.<br><br>കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ സഹകരണത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതിലേക്കായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ് ലിമിറ്റഡ് (OKIHL) എന്ന കമ്പനി 100% സർക്കാർ ഓഹരിയോടെ രൂപീകരിച്ചു. പാതയോര വിശ്രമകേന്ദ്രങ്ങൾ കൂടാതെ വേസ്റ്റ് മാനേജ്മെന്റ്, മൂല്യ വർദ്ധിത കാർഷിക വിപണനം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രവാസികൾക്ക് ദീർഘകാല ലാഭവും വളർച്ചയും കൈവരിക്കുന്നതിന് പ്രായോഗികമായ പ്രോജക്ടുകൾ കമ്പനി നൽകുന്നു. കമ്പനിയുടെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള അധികാരവും കമ്പനിയുടെ നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമാണ്.<br><br>കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വേസൈഡ് അമിനിറ്റീസ് പ്രൊജക്റ്റ് (Wayside Amenities Project). റെസ്റ്റ്സ്റ്റോപ്പ് (RestStop) എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സംരംഭം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനായി കാസർഗോഡ്, ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റെസ്റ്റ്സ്റ്റോപ്പ് (RestStop) പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ